**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 127** **08-02-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എല്ലാ മാസവും അഞ്ചാം തീയതിക്കുള്ളിൽ ശമ്പളം നൽകുമെന്ന സർക്കാർ ഉറപ്പ് പാലിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | കോവിഡ് മഹാമാരിക്കുശേഷം കെ.എസ്.ആർ.ടി.സി. പരമാവധി ബസ്സുകൾ നിരത്തിലിറക്കിയും, വിവിധ നൂതന പദ്ധതികളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ചും പ്രതിദിന വരുമാനം 6 കോടി രൂപയിൽ എത്തിച്ചുവെങ്കിലും വരവിനേക്കാളേറെ ചെലവേറി വരുന്ന സാഹചര്യത്തിൽ ചില മാസങ്ങളിൽ അഞ്ചാം തീയതിക്ക് മുമ്പായി ശമ്പളം വിതരണം ചെയ്യാൻ സാധിക്കാറില്ല. ഓരോ മാസവും ലഭ്യമാകുന്ന വരുമാനത്തിൽ നിന്നും കോർപ്പറേഷൻ മിച്ചം പിടിക്കുന്ന തുക, സർക്കാർ ധനസഹായം, ഓവർഡ്രാഫ്റ്റ് വായ്പ എന്നിവ ലഭ്യമാക്കിയാണ് ജീവനക്കാരുടെ ശമ്പള വിതരണം നടത്തുന്നത്. സർക്കാർ ധനസഹായം, ഓവർഡ്രാഫ്റ്റ് വായ്പ എന്നിവ ട്രഷറി / ബാങ്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിൽ എത്താനെടുക്കുന്ന സ്വാഭാവിക കാലതാമസം നിമിത്തമാണ് ചില മാസങ്ങളിൽ അഞ്ചാം തീയതിക്കുശേഷം ശമ്പളം വിതരണം ചെയ്യേണ്ടി വരുന്നത്. |
| (ബി) | സർക്കാർ മുന്നോട്ടുവച്ച വ്യവസ്ഥകൾ ജീവനക്കാർ അംഗീകരിച്ചിട്ടും ശമ്പളത്തിന്റെ കാര്യത്തിൽ സർക്കാർ നൽകിയ ഉറപ്പ് പാലിക്കാൻ സാധിക്കാത്തത് ജീവനക്കാരോടുള്ള അനീതിയായി വിലയിരുത്തപ്പെടുമെന്ന് കരുതുന്നുണ്ടോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനായി സർക്കാർ മുന്നോട്ടുവെച്ച വ്യവസ്ഥകൾ ജീവനക്കാർ അംഗീകരിച്ച് നടപ്പിലാക്കിയിട്ടും എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പായി ശമ്പള വിതരണം നടത്താൻ സാധിക്കാത്തത് കടുത്ത സാമ്പത്തിക പ്രതിസന്ധിയും, ട്രഷറി / ബാങ്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കാനെടുക്കുന്ന സ്വാഭാവിക കാലതാമസവും നിമിത്തമാണ്. സാമ്പത്തിക പരാധീനതകൾക്കിടയിലും പ്രതിമാസ വരുമാനത്തിൽ നിന്നും മിച്ചം പിടിക്കുന്ന |

| | | | |
|---|---|---|---|
| | | | തുകയോടൊപ്പം സർക്കാർ ധനസഹായവും, ഓവർഡ്രാഫ്റ്റ് വായ്പയും തരപ്പെടുത്തിയാണ് എല്ലാ മാസങ്ങളിലും ജീവനക്കാരുടെ ശമ്പള വിതരണം നടത്തുന്നത്. എന്നാൽ സർക്കാർ ധനസഹായം, ഓവർഡ്രാഫ്റ്റ് വായ്പ എന്നിവ ട്രഷറി / ബാങ്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിൽ എത്താനെടുക്കുന്ന സ്വാഭാവിക കാലതാമസം നിമിത്തമാണ് ചില മാസങ്ങളിൽ അഞ്ചാം തീയതിക്കുശേഷം ശമ്പളം വിതരണം ചെയ്യേണ്ടി വരുന്നത്. |
| (സി) | പ്രസ്തുത ഉറപ്പ് പാലിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പരാധീനതകൾക്കിടയിലും പ്രതിമാസ വരുമാനത്തിൽ നിന്നും മിച്ചം പിടിക്കുന്ന തുകയോടൊപ്പം സർക്കാർ ധനസഹായവും, ഓവർഡ്രാഫ്റ്റ് വായ്പയും തരപ്പെടുത്തി എല്ലാ മാസങ്ങളിലും ആദ്യത്തെ ആഴ്ചയിൽ തന്നെ ജീവനക്കാരുടെ ശമ്പള വിതരണം നടത്തുന്നതിന് പരമാവധി പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ